**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 681** **05-10-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടിയിലെ ദേശീയപാത വികസനവും വിതരണ ശൃംഖലയിലെ മാറ്റങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വെങ്ങളം - അഴിയൂർ മേഖലയിൽ നിർമ്മാണം ആരംഭിച്ച ചെങ്ങോട്ടുകാവ് - നന്തി ബൈപ്പാസ് ഉൾപ്പടുന്ന ദേശീയപാത വികസനത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ നിരവധി വൈദ്യുതി തൂണുകളും ലൈറ്റുകളും മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഏതെങ്കിലും അറിയിപ്പ് കെ.എസ്.ഇ.ബി. യ്ക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വെങ്ങളം-അഴിയൂർ ദേശീയപാതാ വികസന ത്തിന്റെ ഭാഗമായി വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ദേശീയപാതാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ദേശീയപാതയും ബൈപ്പാസും വരുന്നതുവഴി കെ.എസ്.ഇ.ബി. യുടെ വിതരണ ശൃംഖലക്ക് വരുന്ന മാറ്റങ്ങളും അവയ്ക്കുള്ള പ്രതിവിധികളും സംബന്ധിച്ച് കെ.എസ്.ഇ.ബി. ഏതെങ്കിലും തരത്തിലുള്ള മുന്നൊരുക്ക പഠനങ്ങൾ/പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തയ്യാറാക്കിയിട്ടുണ്ട്. ദേശീയപാതാ അതോറിറ്റിയുടെ പ്ലാൻ അനുസരിച്ച് വൈദ്യുതി വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ ലൈനുകളുടെ നിർമ്മാണം അടക്കമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. പുതിയ ലൈനുകൾ സ്ഥാപിച്ചതിനുശേഷമാണ് പഴയ ലൈനുകൾ അഴിച്ചുമാറ്റുന്നത് . |
| (സി) | വൈദ്യുതി തടസ്സം സൃഷ്ടിക്കാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗുകൾ എളുപ്പത്തിലാക്കാൻ കെ.എസ്.ഇ.ബി. മുൻകൈയെടുക്കുമോ; വിശദമാക്കാമോ? | (സി) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ പരമാവധി വൈദ്യുതി തടസ്സം ഉണ്ടാകാത്ത രീതിയിൽ പുതിയ ലൈനുകൾ സ്ഥാപിച്ച ശേഷം പഴയ ലൈനുകൾ മാറ്റുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ